## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3256 | 16.12.2015-ൽ മറുപടിക്ക്

### പാലുല്പാദനത്തിൽ വന്ന വർദ്ധനവ്/കുറവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലിറ്റർ പാലിന്റെ ആവശ്യകത ഉണ്ടെന്നും ഇതിൽ എത്ര ലിറ്റർ പാൽ ഇവിടെ ഉത്പാദിപ്പിക്കുന്നുവെന്നും പുറത്തു നിന്ന് എത്ര ലിറ്റർ പാൽ കൊണ്ടുവരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രതിദിനം 87.72 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യകത ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയതിൽ 79 ലക്ഷം ലിറ്റർ മുതൽ 82 ലക്ഷം ലിറ്റർ വരെ പാൽ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. കൂടാതെ ദിനംപ്രതി 3 ലക്ഷം ലിറ്റർ മുതൽ 5 ലക്ഷം ലിറ്റർ പാൽ അന്യസംസ്ഥാനത്തു നിന്നും കൊണ്ടുവരുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ പാലുത്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ്/കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ ക്ഷീരസംഘങ്ങളിലെ പാൽ സംഭരണത്തിൽ 26.34% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ലിറ്റർ പാലിന് എത്ര രൂപ ആയിരുന്നുവെന്നും നിലവിൽ എത്ര രൂപയാണെന്നും എത്ര പ്രാവശ്യം ഈ സർക്കാർ പാൽ വില വർദ്ധിപ്പിച്ചുവെന്നും ഓരോ പ്രാവശ്യമുള്ള വർദ്ധനവിന്റെ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പാൽവില 23/- രൂപ ആയിരുന്നു. മൂന്നു തവണ പാൽവില വർദ്ധിപ്പിച്ചു. 05.09.2011-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും 14/10/2012-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും 21.07.2014 ൽ പാലിന്റെ വില ലിറ്ററിന് 3 രൂപ വീതവുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. നിലവിൽ പാൽ വില ലിറ്ററിന് 36 രൂപയാണ്. |
| (ഡി) നിലവിൽ ക്ഷീരോല്പാദകരുടെ എണ്ണം എത്ര; ഇവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?. | (ഡി) | നിലവിൽ ക്ഷീരകർഷക ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത 3 ലക്ഷത്തോളം ക്ഷീരകർഷകരുണ്ട്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നിവേദനം നല്കിയതിന്റെ ഫലമായി തൊഴുത്ത് നിർമ്മാണം, തറ കോൺക്രീറ്റ് ചെയ്യൽ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ഷീരമേഖല പൂർണ്ണമായും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ